# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| <u>നക്ഷത്ര ചിഹ്നമിടാത്ത</u> | <u>03-12-2014 ൽ</u> |
| <u>ചോദ്യം നം. 864</u> | <u>മറുപടിയ്ക്ക്.</u> |

### <u>വൈപ്പിൻ മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ; | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈപ്പിൻ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏറ്റെടുത്ത് പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; | (എ) | **<u>കേരള വാട്ടർ അതോറിറ്റി</u>** :<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈപ്പിൻ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.<br>**<u>ജലനിധി</u>**<br>വൈപ്പിൻ മണ്ഡലത്തിൽ പള്ളിപ്പുറം, നായരമ്പലം ഗ്രാമപഞ്ചായത്തുകളിലായി മഴവെള്ള സംഭരണം, ഭൂജല പരിപോഷണ പദ്ധതികളുടെ ഭാഗമായി 250 കുടുംബങ്ങളിൽ 10,000 ലിറ്ററിന്റെ മഴവെള്ള സംഭരണികൾ സബ്സിഡി നിരക്കിൽ നിർമ്മിച്ചു നൽകുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>**<u>ജലസേചന വകുപ്പ്</u>**<br>ഈ മണ്ഡലത്തിൽ ജലസേചന വകുപ്പ് ഏറ്റെടുത്ത് പൂർത്തിയാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി എത്ര കോടി രൂപ അനുവദിച്ചുവെന്നും; ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | **<u>വാട്ടർ അതോറിറ്റി</u>**<br>വാട്ടർ അതോറിറ്റിയുടെ പദ്ധതിയ്ക്കായി 53.00 ലക്ഷം രൂപ അനുവദിക്കുകയും ഇതിൽ നിന്നും 46,42,120/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br>**<u>ജലനിധി</u>**<br>2013-14 സാമ്പത്തിക വർഷത്തിൽ ജലനിധി പദ്ധതിക്കായി അനുവദിച്ച 4 കോടി രൂപയിൽ നിന്നും 28,11,635 രൂപ ചെലവഴിച്ചിട്ടുണ്ട്.<br>**<u>ജലസേചന വകുപ്പ്</u>**<br>ജലസേചന വകുപ്പിന് അനുവദിച്ച 868.80 ലക്ഷം രൂപയിൽ നിന്നും 672.41 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്